"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- അക്രഡിറ്റഡ് ഏജൻസികൾ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഏറ്റെടുക്കുന്നതിന് പരിധി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1210/2025/LSGD   തീയതി,തിരുവനന്തപുരം, 17-05-2025

---

പരാമർശം:-
1. സ.ഉ(എം.എസ്) നം. 133/20213/തസ്വഭവ തീയതി 30/03/2013
2. സ.ഉ(സാധാ) നം. 1159/2013/തസ്വഭവ തീയതി 26/04/2013.
3. 15/02/2025-ന് ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റി യോഗതീരുമാനം.

<u>ഉത്തരവ്</u>

പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താൻ പരാമർശം (1) പ്രകാരം മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്രഡിറ്റേഷനുവേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ പരിശോധന നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം അക്രഡിറ്റേഷൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

പരാമർശം (2) പ്രകാരം രൂപീകരിച്ചിട്ടുള്ള അക്രഡിറ്റേഷൻ കമ്മറ്റിയുടെ 15/02/2025-ന് ചേർന്ന യോഗം അക്രഡിറ്റഡ് ഏജൻസികൾ മുഖേന പരമാവധി 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ മാത്രമേ ടെണ്ടർ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കാവൂ എന്ന് ശിപാർശ ചെയ്ത് തീരുമാനിച്ചിരുന്നു.

ആയതിന്റെയടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന പരമാവധി 5 ലക്ഷം (അഞ്ച് ലക്ഷം രൂപ മാത്രം) രൂപ വരെയുള്ള പ്രവൃത്തികൾ മാത്രമേ ടെണ്ടർ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കാവൂ എന്ന് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, കില തൃശ്ശൂർ.

എല്ലാ ജില്ലാ കളക്ടർ (ആസൂത്രണ സമിതി സെക്രട്ടറി) മാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ )മാർക്കും.

എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ജനറൽ സെക്രട്ടറി. കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (2703237)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് (എഎ/ എബി/എഫ്എം/
ഡിബി/ഡബ്ല്യു എം) സെക്ഷനുകൾക്ക്.